## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2237** **01-09-2022 - ൽ മറുപടിയ്ക്ക്**

## തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള ഖരദ്രവ മാലിന്യനിർമാർജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഖരദ്രവ മാലിന്യനിർമാർജനത്തിന് ഫലപ്രദവും സുസ്ഥിരവുമായ മാർഗങ്ങൾ പ്രാദേശിക തലത്തിൽ തന്നെ ഉറപ്പാക്കാൻ തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കിയിരിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ഖരമാലിന്യ നിർമ്മാർജനം<br><br>ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനും കൈമാറുന്നതിനും വേണ്ടി എം.സി.എഫ്., മിനി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.കളിലും, ആർ.ആർ.എഫ്.കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനവും നടന്നു വരുന്നുണ്ട്.<br><br>ദ്രവ മാലിന്യ നിർമ്മാർജനം |

| | | | |
|---|---|---|---|
| | | | കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ്-2 എന്നീ പദ്ധതികൾ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മലിനജല സംസ്കരണ / പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വകേരളം (അർബൻ), ശുചിത്വകേരളം (റൂറൽ) എന്നിവ പ്രകാരവും മലിനജല സംസ്കരണ / പരിപാലനത്തിന് സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>സർക്കാർ ആഫീസുകൾ, സർക്കാർ ആശുപത്രികൾ, ക്വാർട്ടേഴ്സുകൾ, ഹോസ്റ്റലുകൾ, വിദ്യഭ്യാസ സ്ഥാപനങ്ങൾ - എയ്ഡഡ് ഉൾപ്പെടെ - സ്ഥാപനതല മലിനജല സംസ്കരണ പദ്ധതിയായ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ETP), വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് (WWTP) മുതലായവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 100% ശതമാനവും സബ്സിഡി ലഭ്യമാണ്.<br><br>കേരളത്തിലെ നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് നദികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി തെളിനീരൊഴുകും നവകേരളം എന്ന ക്യാമ്പൈൻ സംസ്ഥനതലത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പാലാ നിയോജകമണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള ഖരദ്രവ മാലിന്യനിർമാർജനം കൃത്യമായി നടപ്പിലാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലാ നിയോജന മണ്ഡല പരിധിയിലുള്ള തദ്ദേശസ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | പാലാ നിയോജകമണ്ഡലത്തിൽ തദ്ദേശസ്ഥാപനങ്ങൾ വഴി ഖരദ്രവ മാലിന്യനിർമാർജനത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പാലാ നിയോജക മണ്ഡല പരിധിയിലുള്ള തദ്ദേശസ്ഥാപനങ്ങൾ 2022-23 സാമ്പത്തിക വർഷം ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ 2,50,96,494/- രൂപയുടെ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ